ഭരണഭാഷ-മാതൃഭാഷ

# കരൂർ ഗ്രാമ പഞ്ചായത്ത്

പിൻ കോഡ്- 686574
GSTIN:32AAALK2735J1Z9 ഫോൺ നമ്പർ : 0482-2212514
karoorgpktm@gmail.com

**നമ്പർ: 1476544-2025** **തീയതി : 11-06-2026**

## ലേല നോട്ടീസ്

കരൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറിയുടെ ലേലം, 24/06/2026 തീയതി ബുധൻ പകൽ 11 മണിക്ക് പഞ്ചായത്ത് ഓഫീസിൽ വെച്ച് നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലത്തിന് പങ്കെടുക്കാൻ താല്പര്യം ഉള്ളവർ കൃത്യ സമയത്തു തന്നെ പഞ്ചായത്ത് ഓഫീസിൽ ഹാജരായി ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. കരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസിൽ വച്ച് നടക്കുന്ന പരസ്യലേലത്തിൽ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതും കൂടുതൽ തുക ലേലം കൊള്ളുന്ന /ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ / സ്ഥാപനത്തിൻറെ പേരിൽ ലേലം ഉറപ്പിക്കുന്നതുമായിരിക്കും. ലേലത്തിന് ആവശ്യമായ നിരതദ്രവ്യ തുകയായ 500/- രൂപ ലേലം ആരംഭിക്കുന്നതിന് മുൻപ് കെട്ടിവയ്ക്കേണ്ടതാണ്. ലേലം കൊള്ളുന്ന ആൾ / സ്ഥാപനം ലേലം ഉറപ്പിച്ച ഉടൻ തന്നെ 18 % നികുതി ഉൾപ്പെടെയുള്ള 1 മാസത്തെ വാടക അടവാക്കേണ്ടതാണ്.

ക്വട്ടേഷൻ സമർപ്പിക്കുന്നവർ നിശ്ചിത നിരദദ്രവ്യം അടച്ച രസീത്, സീൽ ചെയ്ത ക്വട്ടേഷൻ കവറിന്റെ പുറമേ അറ്റാച്ച് ചെയ്ത് 24/06/2026 തീയതി ബുധൻ 10.30 AM ന് മുൻപായി സമർപ്പിക്കേണ്ടതാണ്.

| ഇനം | വിസ്തീർണ്ണം | കുറഞ്ഞ മാസ വാടക | ഇ.എം.ഡി |
|---|---|---|---|
| കരൂർ ഷോപ്പിംഗ് കോംപ്ലക്സ് ( കടമുറി) | റൂം നമ്പർ: 15 , കെട്ടിട നമ്പർ 8/388 വിസ്തീർണ്ണം: 30 എം2 (താഴത്തെ നില) | 3500/- | 500/ , |

ലേലം പൂർത്തിയായാൽ ഉടൻ ക്വട്ടേഷൻ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച / ലേലം വിളിച്ച ആളുടെ പേർക്ക് ക്വട്ടേഷൻ / ലേലം താത്ക്കാലികമായി ഉറപ്പിക്കുന്നതും അടുത്ത പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ പ്രസ്തുത ലേലം സംബന്ധിച്ച തീരുമാനം അറിയിക്കുന്നതുമാണ്. ലേലം അംഗീകരിച്ച് അറിയിപ്പ് കിട്ടിയതിന് ശേഷം ലേല തുകയുടെ മൂന്നിരട്ടി ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കേണ്ടതും, 200 രൂപയുടെ മുദ്ര പത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. അല്ലാത്തപക്ഷം ആയവ പുനർലേത്തിന് വിധേയമാക്കുന്നതും ആയതിന് വേണ്ടി വരുന്ന ചിലവ് നഷ്ടം ഉണ്ടാകുന്ന പക്ഷം ആയതും ക്വട്ടേഷൻ/ ലേലം കൈക്കൊള്ളുന്നആളിൽ നിന്നും

ഈടാക്കുന്നതായിരിക്കും. ക്വട്ടേഷൻ/ ലേലം പൂർണ്ണമായോ ഭാഗികമായോ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനും ഉള്ള പൂർണ്ണ ഉത്തരവാദിത്വം കരൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷൻ/ ലേലത്തിനുള്ള എല്ലാ നിബന്ധനകളും ടി ക്വട്ടേഷൻ / ലേലത്തിന് ബാധകമായിരിക്കുന്നതാണ്. ക്വട്ടേഷൻ/ ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയുന്നതിന് എല്ലാ പ്രവൃത്തിദിവസങ്ങളിലും ഓഫീസ് സമയത്ത് സൌകര്യമുണ്ടായിരിക്കുന്നതാണ്.

**<u>ലേലവ്യവസ്ഥകൾ</u>**

1. ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

2. നിരദദ്രവ്യം അടയ്ക്കാത്തവർക്ക് ലേല ഹാളിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല

3. ക്വട്ടേഷൻ/ ലേലം തക്കതായ കാരണത്താൽ മാറ്റിവയ്ക്കുന്നതിനോ നിർത്തിവയ്ക്കുന്നതിനോ റദ്ദുചെയ്യുന്നതിനോ ലേലം നടത്തുന്ന ആൾക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

4 മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ലേലാവകാശം യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും ആയത് മൂലമുണ്ടാകുന്ന നാശനഷ്ടം സ്ഥാപനത്തിൽ / വ്യക്തിയിൽ നിന്നും ഈടാക്കുന്നതുമാണ്.

5. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലവസ്തു നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്.

6. ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുള്ള ദിവസം പൊതു അവധിയായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മേൽപരാമർശിച്ച സ്ഥലത്ത് അതേ സമയം ലേലം നടത്തുന്നതാണ്

7. ലേലം താൽക്കാലികമായി അംഗീകരിച്ചവരുടെ ഒഴികെയുള്ള നിരദ ദ്രവ്യം ലേലം കഴിഞ്ഞാലുടൻ തന്നെ മടക്കി കൊടുക്കുന്നതാണ്.

8. ലേലം മറ്റൊരാൾക്ക് കൈമാറുന്നതിന് നിയമവ്യവസ്ഥയില്ല

9. മദ്യം മയക്കുമരുന്ന് പുകവലി എന്നിവ ടി സ്ഥലത്തു പാടുള്ളതല്ല .പരാതി ലഭിച്ചാൽ ലേലം കൊള്ളുന്ന ആൾ ആയതിന്റെ പൂർണ്ണ ഉത്തരവാദി ആയിരിക്കും

Document certified by SARINA ABDUL AZIZ
<sarinaabubacker43@gmail.com>.

Digitally signed by SARINA ABDUL AZIZ
Date: 2026.06.11 14:48:03 IST
Reason: KSMART